LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ നഷ്ടം ഉണ്ടായേക്കാം. ഈ സാഹചര്യത്തിൽ കേന്ദ്ര വിൽപ്പന നികുതി ആക്ടിന്റെ പരിധിയിൽ വരുന്ന സാധനങ്ങൾക്കും സേവന മേഖലയിലും നികുതിചുമത്താൻ സംസ്ഥാനങ്ങളെ അനുവദിക്കുമെന്ന് കേന്ദ്ര–സംസ്ഥാന സർക്കാരുകൾ തമ്മിൽ ധാരണയായിട്ടുണ്ട്. ഇതിന് ആവശ്യമായ നിയമ ഭേദഗതികൾ പാർലമെന്റിന്റെ ബജററ് സമ്മേളനത്തിൽ അവതരിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

124. മൂല്യവർദ്ധിത നികുതി സമ്പ്രദായം ഏർപ്പെടുത്തുമ്പോൾ നികുതി തട്ടിക്കഴിക്കുന്ന ആനുകൂല്യം ബന്ധപ്പെട്ട എല്ലാവർക്കും ലഭ്യമാകുംവിധം നമ്മുടെ ടാക്സ് ബേസ് വിപുലീകരിക്കേണ്ടതുണ്ട്. നിരവധി രേഖകളും അടിസ്ഥാന വിവരങ്ങളും സൂക്ഷ്മമായി പരിശോധിക്കേണ്ടതായും വരും. കൂടുതൽ ജോലിഭാരം താങ്ങാൻ പററും വിധം വാണിജ്യനികുതി വകുപ്പിനെ സജ്ജമാക്കുന്നതിനായി കമ്പ്യൂട്ടറൈസേഷൻ അടുത്ത വർഷംതന്നെ പൂർത്തിയാക്കും. ഇതിനായി 2.57 കോടി രൂപ ഞാൻ നീക്കിവെയ്ക്കുന്നു.

125. വാണിജ്യനികുതി വകുപ്പിന്റെ മിക്ക ആഫീസുകളിലും രേഖകളും ഫയലുകളും സൂക്ഷിക്കുന്നതിന് മതിയായ സ്ഥല സൗകര്യമില്ല. ആധുനിക ആഫീസുപകരണങ്ങളുടെ ദൗർലഭ്യവുമുണ്ട്. പുതിയ സമ്പ്രദായത്തിലേക്ക് മാറുമ്പോൾ ഈ സൗകര്യങ്ങൾ അത്യാവശ്യമാണ്. അടുത്ത ആറുമാസത്തിനുള്ളിൽ ഈ വകുപ്പിലെ എല്ലാ ആഫീസുകളിലും ഈ സൗകര്യങ്ങളേർപ്പെടുത്തും. ഇതിനായി മൂന്ന് കോടി രൂപ നീക്കി വയ്ക്കുന്നു. എറണാകുളത്തെ നിലവിലുള്ള ഓഫീസ് സമുച്ചയത്തിന്റെ വിപുലീകരണത്തിനും തിരുവനന്തപുരത്ത് ഒരു പുതിയ ഓഫീസ് സമുച്ചയം നിർമ്മിക്കുന്നതിനും വേണ്ടി 50 ലക്ഷം രൂപാ വീതം ഞാൻ വകയിരുത്തുന്നു.

## തുറമുഖം

126. വർദ്ധിച്ചുവരുന്ന ട്രാഫിക്ക് ഡിമാന്റ് പരിഗണിച്ചും കോസ്ററൽ ഷിപ്പിങ്ങ് പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടിയും, സ്വകാര്യ പങ്കാളിത്തത്തോടെ ചില ചെറുകിട ഇടത്തരം തുറമുഖങ്ങൾ വികസിപ്പിക്കുന്നതിന് നടപടിയെടുക്കുന്നതാണ്. വിഴിഞ്ഞം, അഴീക്കൽ, ബേപ്പൂർ, ആലപ്പുഴ തുറമുഖങ്ങൾ സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കാനുദ്ദേശിക്കുന്നു. തുറമുഖങ്ങൾക്കായി പദ്ധതിയിനത്തിൽ 8 കോടി രൂപ വകയിരുത്തിയിരിക്കുന്നു.

## ഇൻഫർമേഷനും പാർലമെന്ററി കാര്യവും

127. ജനങ്ങൾക്ക് ഈ–മെയിൽ വഴി വിവരങ്ങൾ ലഭ്യമാക്കുന്നതിനും, പരാതികളും അപേക്ഷകളും സ്വീകരിക്കുന്നതിനും ത്വരിതഗതിയിൽ ആശയവിനിമയം ഉറപ്പുവരുത്തുന്നതിനും, സുതാര്യത മെച്ചപ്പെടുത്തുവാനും വേണ്ടി പാർലമെന്ററി കാര്യവകുപ്പിന്റെ വെബ് സൈററ് പ്രവർത്തനങ്ങൾ വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനായി 25 ലക്ഷം രൂപ വകയിരുത്തുന്നു.

128. സെന്റർ ഫോർ ഡെവലപ്പ്മെന്റ് ഓഫ് ഇമേജിങ്ങ് ടെക്നോളജി (സി–ഡിററ്) ഐ. ററി. രംഗത്ത് തെരഞ്ഞെടുത്ത മേഖലയിൽ ഒരു സെന്റർ ഫോർ എക്സലൻസായി വികസിപ്പിക്കുന്നതാണ്.

എഡ്യൂക്കേഷണൽ ഇൻഫർമാററിക്സ് രംഗത്ത് സോഫ്ററ്വെയർ വിദ്യാഭ്യാസത്തിനും, പരിശീലനത്തിനും അനിമേഷൻ മാംട്ടിമീഡിയ രംഗത്തും സി-ഡിററ് വികസന പദ്ധതികൾ നടപ്പിലാക്കും.

129. യുണൈററഡ് ഇൻഡ്യ ഇൻഷുറൻസ് കമ്പനിയുമായിച്ചേർന്ന് നടത്തുന്നതും 31-3-2002-ൽ അവസാനിക്കുന്നതുമായ കേരളാ പത്ര പ്രവർത്തക ആരോഗ്യപരിരക്ഷാ പദ്ധതി അടുത്ത മൂന്നു വർഷത്തേക്കു കൂടി തുടരുന്നതാണ് എന്നറിയിക്കാൻ എനിക്ക് വളരെ സന്തോഷമുണ്ട്. ഇതിലേയ്ക്കായി പതിനഞ്ചുലക്ഷം രൂപ ഞാൻ വകയിരുത്തുന്നു.

## സ്പോർട്ട്സും യുവജനകാര്യവും

130. സ്പോർട്ട്സ് രംഗത്ത് കേരളം എന്നും മുൻപന്തിയിലാണ്. യുവകായിക താരങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി സർക്കാർ നിയമനത്തിലെ ക്വാട്ട 20-ൽ നിന്ന് 40-ആയി ഉയർത്തുന്നതാണ്.

131. സ്കൂൾ തലത്തിലും ഗ്രാമീണതലത്തിലും-ഭിതല സംവിധാനം വഴി കായിക രംഗത്ത് ''എവർക്കും ആരോഗ്യം - സ്പോർട്ട്സിലൂടെ'' എന്ന പുതിയ ആശയം പ്രോൽസാഹിപ്പിക്കുന്നതാണ്. ഇതിലേക്കായി ഒരു പദ്ധതി തയ്യാറാക്കുന്നതിനുവേണ്ടി ഒരു വിദഗ്ദ്ധ കമ്മിററി രൂപീകരിച്ചിട്ടുണ്ട്.

132. 37% വരുന്ന യുവജനങ്ങൾ നമ്മുടെ ഭാവിയെ പ്രതിനിധീകരിക്കുന്നു. അവരുടെ ക്ഷേമവും,-വികസനവും മുന്തിയ പരിഗണന അർഹിക്കുന്നു. യുവജന പ്രവർത്തനങ്ങളുടെ നോഡൽ ഏജൻസിയായും ഇൻഫർമേഷൻ സെൻററായും യൂത്ത് വെൽഫയർ ബോർഡ് പ്രവർത്തിക്കുന്നതാണ്. ഏററവും നല്ല യുവജന ക്ലബുകൾക്കും, യുവജന പ്രവർത്തകർക്കും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും അവാർഡുകൾ ഏർപ്പെടുത്തുകയും നെഹ്റു യുവകേന്ദ്രത്തെ പൂർണ്ണമായി ഊർജ്ജസ്വലമാക്കുന്നതുമാണ്.

## സഹകരണം

133. സാമ്പത്തികമായും പ്രയോഗതലത്തിലും സഹകരണ സ്ഥാപനങ്ങളെ സ്വതന്ത്രമാക്കാനുള്ള ഉദ്ദേശത്തോടെ വിശദമായ പഠനത്തിനുശേഷം ഒരു പുതിയ സഹകരണ നിയമം കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നു. സഹകരണ മേഖലയിൽ പണ സംബന്ധമായിട്ടുള്ള തല്ലാത്ത തർക്കങ്ങൾ തീർപ്പാക്കുന്നതിലേയ്ക്കായി ഒരു ആർബിട്രേഷൻ കോടതിയും സ്ഥാപിക്കുന്നതാണ്.

134. കൊല്ലം, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിൽ സംയോജിത സഹകരണ വികസന പരിപാടികൾ നടപ്പിലാക്കിവരികയാണ്. ജില്ലാ സഹകരണ ബാങ്കുകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക എന്നത് വകുപ്പിന്റെ പ്രധാന ലക്ഷ്യമാണ്. ഇതിലേയ്ക്കായി ഒരു വിദഗ്ദ്ധ സമിതിയെ നിയമിച്ചിട്ടുണ്ട്. ദാരിദ്ര്യ നിർമ്മാർജ്ജന രംഗത്ത് സഹകരണ മേഖലയുടെ സജീവമായ പങ്ക് ഉറപ്പുവരുത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly